# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1582**.

**04-12-2018 ൽ മറുപടിയ്ക്ക്**

## നെൽ കർഷകർക്ക് ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. പി.കെ. ശശി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽകൃഷി കർഷകർക്ക് പുതുതായി ആനുകൂല്യങ്ങളോ സബ്സിഡികളോ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്.<br>നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500 രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000 രൂപയും കരനെൽ കൃഷിക്ക് 13600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗര പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമെ കർഷകർ ഉദ്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 25.30 രൂപ നിരക്കിൽ താങ്ങുവില നൽകി സംഭരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നു. |
| (ബി) | നിലവിൽ നെൽകർഷകർക്ക് നൽകി വരുന്ന ഉൽപാദന ബോണസ്, ഉഴവ് കൂലി മുതലായ ആനുകൂല്യങ്ങൾ, വർദ്ധിച്ച് വരുന്ന ചെലവുകൾക്ക് ആനുപാതികമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | നെൽകൃഷി ഉല്പാദനബോണസ്സ് നിലവിൽ ഹെക്ടറൊന്നിന് 1000 രൂപയാണ് നൽകി വരുന്നത്. കൂടാതെ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയായി ഒരു ഹെക്ടറിന് പരമാവധി 17000 രൂപ പ്രതിവർഷം രണ്ടു സീസണിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളിലൂടെ നൽകിവരുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| (സി) | നെല്ലിന്റെ സംഭരണവില ഉയർത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | 2018-19 സീസൺ മുതൽ കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 2 രൂപ കൂട്ടി 17.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാന പ്രോത്സാഹന ബോണസ് ആയ 7.80 രൂപയും ചേർത്ത് 2018-19 സീസൺ മുതൽ കിലോഗ്രാമിന് 25.30/- രൂപയായി നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**